**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 627** **30-01-2024 - ല്‍ മറുപടിയ്ക്ക്**

**അരൂര്‍ ഇന്‍ഡസ്ട്രിയല്‍ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വര്‍ഷത്തെ ബഡ്ജറ്റില്‍ അരൂര്‍ മണ്ഡലത്തിലെ അരൂര്‍ ഇന്‍ഡസ്ട്രിയല്‍ എസ്റ്റേറ്റിന്റെ നവീകരണത്തിനും മലിനീകരണ പ്ലാന്റിനും വേണ്ടി അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികള്‍ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (എ) | 2023-24 സാമ്പത്തിക വര്‍ഷത്തെ ബഡ്ജറ്റില്‍ അരൂര്‍ നിയോജക മണ്ഡലത്തില്‍ ഉള്‍പ്പെട്ട അരൂര്‍ ഇന്‍ഡസ്ട്രിയല്‍ എസ്റ്റേറ്റിന്റെ നവീകരണത്തിനും മലിനീകരണ പ്ലാന്റിനും മാത്രമായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാല്‍ 2023-24 ലെ ബഡ്ജറ്റില്‍ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ വികസന ഏരിയ/ പ്ലോട്ടുകളുടെ നവീകരണത്തിന് വിഭാവനം ചെയ്തിട്ടുള്ള Improving Infrastructure in Existing DA/DP Scheme-ല്‍ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>അരൂര്‍ വ്യവസായ വികസന ഏരിയയില്‍ കോമണ്‍ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിനു വേണ്ടി 100 സെന്റ് സ്ഥലം വ്യവസായ വാണിജ്യ വകുപ്പ് അനുവദിക്കാന്‍ തീരുമാനിച്ചിരുന്നു. ആയതിലേക്കായി മെ. ജിസ് ഇന്റര്‍ നാഷണല്‍ (പ്രൈ) ലിമിറ്റഡിന് യൂണിറ്റ് തുടങ്ങുന്നതിനായി അനുവദിച്ചിരുന്ന 185 സെന്റ് സ്ഥലത്തില്‍ നിന്നും 100 സെന്റ് സ്ഥലം തിരിച്ചെടുത്തിരുന്നു. സ്ഥലം തിരിച്ചെടുത്തതിനെതിരെ സ്ഥാപനയുടമയ്ക്ക് ബഹു. ഹൈക്കോടതിയില്‍ നിന്നും സ്റ്റേ നേടാനായതിനാല്‍ ഈ പദ്ധതിയ്ക്കുള്ള ഡി.പി.ആര്‍ തയ്യാറാക്കുന്ന പ്രവൃത്തി പൂര്‍ത്തിയായിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍